പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1491 **16-10-2026-ൽ മറുപടിയ്ക്ക്**

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

മറുപടി നൽകിയ മന്ത്രി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പരിഷ്കാരങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര നവീകരണത്തിനായി വിപുലമായ കർമ്മപരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

- സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 25,000 അധ്യാപകർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനം ലഭ്യമാക്കുന്നതിനായി 'Mission AI - AI Tools for Smart Teaching' പദ്ധതി ആരംഭിച്ചു.
- ഗവേഷണ-സംരംഭകത്വ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇഗ്നൈറ്റ് (Ignite), പ്രാരംഭ ഗവേഷണങ്ങൾക്കുള്ള ഇൻസ്പയർ (Inspire), തൽക്ഷണ പോസ്റ്റ്-ഡോക്ടറൽ പിന്തുണയ്ക്കായി ഐ.പി.ഡി.ആർ.എസ് (IPDRS) എന്നീ പദ്ധതികൾ ആവിഷ്കരിക്കുകയും ഗവ. എൻജിനീയറിങ് കോളേജുകളിൽ റിസർച്ച് പാർക്കുകൾ സ്ഥാപിക്കാൻ നടപടിയെടുക്കുകയും ചെയ്തുവരുന്നു.
- സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ എം.ജി. സർവകലാശാലയിൽ മികവിന്റെ കേന്ദ്രമായി 'Kerala Institute for Science, Technology and Innovation' (KISTI) സ്ഥാപിക്കാൻ ധാരണാപത്രം ഒപ്പുവെച്ചു.
- സർവകലാശാലാ സേവനങ്ങൾ സുതാര്യവും സമയബന്ധിതവുമാക്കുന്നതിന് കേരള സേവനാവകാശ നിയമം (Right to Service Act) പൂർണ്ണമായി നടപ്പിലാക്കി.
- വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ആന്റി-റാഗിംഗ് സംവിധാനമായ 'Sidharthan App', Campus Ombudsman എന്നിവ നടപ്പിൽ വരുന്നു.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, അത്യാധുനിക ഗവേഷണ സൗകര്യങ്ങൾ, ഇൻകുബേഷൻ സംവിധാനങ്ങൾ എന്നിവയെ സമന്വയിപ്പിച്ച് Global Knowledge Exchange Park (KEP) സ്ഥാപിക്കാനും, അക്കാദമിക് ടൂറിസം ലക്ഷ്യമിട്ട് വിദേശ വിദ്യാർത്ഥികൾക്കായി 'Semester in Kerala' പദ്ധതി ശക്തിപ്പെടുത്താനുമുള്ള പദ്ധതികൾ നടപ്പിൽ വരുന്നു.
- വിദ്യാർത്ഥികൾക്ക് വ്യവസായ പരിശീലനം നൽകുന്നതിനായി സംസ്ഥാനതലത്തിൽ Apprenticeship Exchange Platform, തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് കോഴ്സുകൾ

പരിഷ്കരിക്കാൻ Job Watch Tower (JWT), പഠനത്തോടൊപ്പം വരുമാനം ഉറപ്പാക്കുന്ന Industry on Campus Earn and Learn എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

- കൂടാതെ, അന്താരാഷ്ട്ര നിലവാരമുള്ള പഠനാവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിനായി സ്വകാര്യ-വിദേശ സർവകലാശാലകൾക്ക് (Private and Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ ആലോചിച്ചുവരുന്നു.

(ബി) കാലത്തിന് അനുയോജ്യമായ നൂതന കോഴ്സുകളും കോഴ്സുകൾക്ക് ആവശ്യമായ സീറ്റും അനുവദിക്കുന്നതിനും നിലവിലെ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരണവും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ (പൂജപ്പുര)-ൽ ബി.ടെക്/എം.ടെക് തലത്തിൽ റോബോട്ടിക്സ് & എ.ഐ., ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ് എന്നീ നവീന കോഴ്സുകളും, എൽ.ബി.എസ് കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ. കോഴ്സും ആരംഭിച്ചിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സീറ്റ് പരിധിയില്ലാതെ BSc Data Science, BCA, MCA, MBA തുടങ്ങിയ തൊഴിലധിഷ്ഠിത പ്രോഗ്രാമുകൾ വിജയകരമായി നടത്തിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ജിയോജിത്ത് (Geojit) അടക്കമുള്ള വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് Earn While You Learn മാതൃകയിൽ AI അധിഷ്ഠിത പ്രോജക്ടുകളും ആധുനിക കോഴ്സുകളും നടപ്പിലാക്കുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല (KTU) ബി.ടെക്, ബി.എച്ച്.എം.സി.ടി, ബി.ഡെസ് സിലബസുകൾ ഇന്റേൺഷിപ്പും ചലഞ്ച് പരീക്ഷകളും ഉൾപ്പെടുത്തി പരിഷ്കരിക്കുകയും ബി.ആർക്ക് സിലബസ് പരിഷ്കരണം നടത്തിവരികയുമാണ്. കാലിക്കറ്റ് സർവകലാശാല 2027-28 അധ്യയന വർഷം മുതൽ പി.ജി. പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നാല് വർഷ ബിരുദ പാഠ്യപദ്ധതിയുടെ (FYUGP) താൽക്കാലിക പരിഷ്കരണത്തിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതും, 2028 മുതൽ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതുമാണ്.

(സി) മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളുടെയും സീറ്റുകളുടെയും പരിമിതികൾ കണക്കിലെടുത്തുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി കേന്ദ്രമായി ഒരു ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

<u>മറുപടി:</u> മലബാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങളുടെ ലഭ്യതയും കോഴ്സുകളുടെയും സീറ്റുകളുടെയും ആവശ്യകതയും സർക്കാർ നിരന്തരം പരിശോധിച്ചുവരികയാണ്. സർക്കാരിന്റെ സാമ്പത്തിക ലഭ്യതയും മുൻഗണനകളും അനുസരിച്ച് പുതിയ കോളേജുകൾ അനുവദിക്കുന്ന വിഷയം നയപരമായി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കൂടാതെ, മലബാർ മേഖലയിൽ ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ എൻജിനീയറിങ് കോളേജ്, പോളിടെക്നിക്, ആർട്സ് ആൻഡ് സയൻസ് കോളേജ്, നൈപുണ്യ വികസന കേന്ദ്രം എന്നിവ ഉൾപ്പെടുത്തി 'LBS Integrated Institute of Science and Technology' എന്ന ബൃഹത് വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കാനുള്ള നടപടികൾ എൽ.ബി.എസ് സെന്റർ മുഖേന പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പിഎം-ഉഷ) പദ്ധതി എന്നാണ് കേരളത്തിൽ ആരംഭിച്ചത്; അതിൻറെ ഭാഗമായി എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉന്നത വിദ്യാഭ്യാസമേഖലയിൽ ഏർപ്പെടുത്തിയത്; വിശദമാക്കുമോ;

മറുപടി: പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പിഎം-ഉഷ) പദ്ധതി നടപ്പിലാക്കുന്നതിനായി 2024 ജനുവരി 16-നാണ് സംസ്ഥാന സർക്കാരും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 18 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ₹404.99 കോടി രൂപയുടെ ധനവിനിയോഗത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിലൂടെ MERU ഘടകത്തിന് കീഴിൽ കേരള സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല എന്നിവയ്ക്ക് ഓരോന്നിനും ₹100 കോടി രൂപ വീതം ആകെ ₹300 കോടി രൂപയും GSU ഘടകത്തിന് കീഴിൽ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് ₹20 കോടി രൂപയും അനുവദിച്ചു. കൂടാതെ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി GSC ഘടകത്തിന് കീഴിൽ 11 സർക്കാർ/എയ്ഡഡ് കോളേജുകൾക്കായി ₹5 കോടി രൂപ വീതം ആകെ ₹55 കോടി രൂപയും GIEI ഘടകത്തിന് കീഴിൽ വയനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്കായി ഓരോ ജില്ലയ്ക്കും ₹10 കോടി വീതം ആകെ ₹30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയിലെ വിവിധ ഘടകങ്ങളിലായി 30.09.2026 വരെയുള്ള കണക്കനുസരിച്ച് 20.26% തുക വിനിയോഗിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുക വഴി കരിക്കുലത്തിൽ എന്തെങ്കിലും പരിഷ്കാരത്തിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: പി.എം. ഉഷ പദ്ധതിയുടെ ഭാഗമായി പ്രത്യേകം കരിക്കുലം പരിഷ്കാര നിർദ്ദേശങ്ങളൊന്നും സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ